## പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 3776

15.03.2017 ൽ ബഹു: ധനകാര്യവും കയറും
വകുപ്പുമന്ത്രി മറുപടി പറയേണ്ടത്

## ശ്രീ. ബെനിക്സ് കാഞ്ഞിരവിളയുടെ ഉപരി പഠനവും നിയമനവും

**ചോദ്യം**

ശ്രീ. കെ. എം. മാണി

**ഉത്തരം**

ഡോ. തോമസ് ഐസക്ക്,
ധനകാര്യവും കയറുംവകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | ധനകാര്യ വകുപ്പിലെ സീനിയർ ഗ്രേഡ് അസിസ്റ്റന്റ് ആയ ശ്രീ. ബെനിക്സ് കാഞ്ഞിരവിളയെ സർക്കാർ ചെലവിൽ ഏത് കേന്ദ്ര ഇൻസ്റ്റിറ്റ്യൂട്ടിലാണ് രണ്ട് വർഷത്തെ കോഴ്സിനയച്ചത്; ടിയാൻ അമേരിക്കയിലെ ഏത് യൂണിവേഴ്സിറ്റിയിലാണ് സർക്കാർ ചെലവിൽ ഇൻറ്റേൺഷിപ്പ് ചെയ്തത്; | : | ശ്രീ. ബെനിക്സ് കാഞ്ഞിരവിളയെ ഫരീദാബാദിലുള്ള നാഷ്ണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻഷ്യൽ മാനേജ്മെന്റിൽ രണ്ടുവർഷത്തെ കോഴ്സിന് അയച്ചിട്ടുണ്ടായിരുന്നു. ടിയാൻ അമേരിക്കയിലെ യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയയിലാണ് സർക്കാർ ചെലവിൽ ഇൻറ്റേൺഷിപ്പ് ചെയ്തിട്ടുള്ളത്. |
| (ബി) | ഗവൺമെന്റിന് ശ്രീ. ബെനിക്സ് കാഞ്ഞിരവിളയുമായി എന്തെങ്കിലും കരാർ നിലവിലുണ്ടോ; എങ്കിൽ ഏത് തീയതിയിലാണ് കരാർ അവസാനിക്കുന്നത്; | : | നിലവിലുണ്ട്. ശ്രീ. ബെനിക്സ് കാഞ്ഞിരവിളയുടെ ശിഷ്ടകാല സർക്കാർ സർവ്വീസ് കാലയളവ് കഴിയുന്നത് വരെ കരാറിന് പ്രാബല്യമുണ്ട്. |
| (സി) | കരാർ പ്രകാരം നിയമനം നൽകുന്നതിന് ഫയൽ ധനകാര്യ വകുപ്പ് മന്ത്രി/ മുഖ്യമന്ത്രി കണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത്; | : | രണ്ട് വർഷ കോഴ്സ് കഴിഞ്ഞു വന്ന ശ്രീ. ബെനിക്സ് കാഞ്ഞിരവിളയ്ക്ക് നിയമനം നൽകുന്നതുമായി ബന്ധപ്പെട്ട് കരാറുകൾ ഒന്നും തന്നെ നിലവിലില്ല. ആയതിനാൽ അത്തരം ഒരു ഫയൽ ധനകാര്യ വകുപ്പ് മന്ത്രി/ മുഖ്യമന്ത്രി കണ്ടിട്ടില്ല. |
| (ഡി) | എന്ത് ഉദ്ദേശത്തിലാണ് ടിയാന് ഉപരിപഠനം നൽകിയത്; വിശദമാക്കാമോ? | : | സർക്കാർ മേഖലയിലെ കഴിവും പ്രാവീണ്യവും വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തിലാണ് ശ്രീ. ബെനിക്സ് കാഞ്ഞിരവിളയെ ഉപരി പഠനത്തിനായി അയച്ചത്. |

**സെക്ഷൻ ഓഫീസർ**